## 2025-ITERO-F—ദൂത് ഒന്ന്—ആത്മാവിൽ ദരിദ്രരും ഹൃദയത്തിൽ ശുദ്ധിയുള്ളവരുമായിരിക്കുന്നതിന്റെ അനുഗ്രഹാവസ്ഥ നമ്മുടെ പുതിയ രാജാവായ ക്രിസ്തുവിന്റെ സ്വർഗീയ ഭരണത്തിൻ കീഴിൽ നമുക്കായിരിക്കാമെന്നതും ദൈവത്തെ അവന്റെ ജീവനിൽ ആവിഷ്കരിക്കുവാനും അവന്റെ അധികാരത്തോടുകൂടെ അവനെ പ്രതിനിധീകരിക്കുവാനും നമുക്ക് ദൈവത്തെ കാണാമെന്നതുമാണ്

### ആത്മാവിൽ ദരിദ്രരായവർ

**I. "ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗ രാജ്യം അവരുടേതാകുന്നു"—മത്താ.5:3**

- ആത്മാവിൽ ദരിദ്രരായിരിക്കുകയെന്നാൽ താഴ്മയുള്ളവരായിരിക്കുക എന്നു മാത്രമല്ല, നമ്മുടെ ആത്മാവിൽ, നമ്മുടെ ആളത്തത്തിന്റെ ആഴത്തിൽ, ശൂന്യമാക്കപ്പെട്ടവർ ആയിരിക്കുക എന്നുകൂടിയാണ്
- ആത്മാവിൽ ദരിദ്രരായിരിക്കുകയെന്നാൽ നമുക്ക് ഒന്നുമില്ലെന്നും, ഒന്നും അറിയില്ലെന്നും, ഒന്നും ചെയ്യുവാൻ കഴിയില്ലെന്നും, നാം ഒന്നുമല്ലെന്നും അംഗീകരിച്ചുകൊണ്ട് നാം താഴ്മയുള്ളവരായിരിക്കുന്നതാണ്
- എല്ലാ ആത്മിക പുരോഗതിയും മനുഷ്യന്റെ വിശപ്പിനെ ആശ്രയിച്ചിരിക്കുന്നു
    - നാം ശൂന്യരാകുമ്പോഴെല്ലാം, കർത്താവ് നമ്മെ നിറയ്ക്കും; ആത്മിക പുരോഗതി എന്നത് തുടർച്ചയായി ശൂന്യമാക്കപ്പെടുകയും നിരന്തരം നിറയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു കാര്യമാണ്
- ആളുകൾ കൊച്ചുകുട്ടികളെപ്പോലെ ആയിരിക്കുകയും, വ്യാപൃതമായിരിക്കാത്ത ഹൃദയത്തോടെ ദൈവരാജ്യത്തെ ഒരു പുതിയ കാര്യമായി സ്വീകരിക്കുകയും വേണം

### ഹൃദയശുദ്ധിയുള്ളവർ

**II. "ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും"—മത്താ. 5:8**

- ശുദ്ധിയുള്ള ഒരു ഹൃദയം ഉണ്ടായിരിക്കുകയെന്നാൽ യാതൊരു തടസ്സവുമില്ലാതെ ക്രിസ്തുവിന് നമ്മിൽ വളരേണ്ടതിന് കർത്താവിനെയല്ലാതെ മറ്റൊന്നും അന്വേഷിക്കാതെ നമ്മുടെ ഹൃദയം ഏകാഗ്രമായിരിക്കുക എന്നാണ്
- ദൈവത്തെ അന്വേഷിക്കുന്നതിൽ നാം ഹൃദയശുദ്ധിയുള്ളവരാണെങ്കിൽ നാം ദൈവത്തെ കാണും എന്നതാണ് നമ്മുടെ പ്രതിഫലം
- ഇന്ന് നാം കാണുന്ന ദൈവം പരിണതിപ്രാപിച്ച ആത്മാവാണ്. നമുക്കവനെ നമ്മുടെ ആത്മാവിൽ നോക്കുവാൻ കഴിയും
- ദൈവത്തെക്കൊണ്ട് നാം സംരചിക്കപ്പെടേണ്ടതിന് നാം ദൈവത്തെ കാണുന്നു
- നാം ദൈവത്തെ എത്രത്തോളം കാണുകയും ദൈവത്തെ സ്നേഹിക്കുകയും ചെയ്യുന്നുവോ അത്രത്തോളം നാം നമ്മെത്തന്നെ ത്യജിക്കുകയും നമ്മെത്തന്നെ വെറുക്കുകയും ചെയ്യുന്നു
- ആത്മിക പുരോഗതി എന്നത് നമ്മിൽ ദൈവത്തിന്റെ മൂലകത്തിന്റെ വർദ്ധനവും ദൈവത്തിന്റെ സ്ഥാനം അപഹരിക്കുന്ന നമ്മുടെ ഉള്ളിലെ കാര്യങ്ങൾ കുറയുന്നതുമാണ്
- ഒരു വ്യക്തി ദൈവവചനത്തിലായിരിക്കുന്തോറും അവൻ ശുദ്ധിയുള്ളവനായിത്തീരുന്നു

### ഹൃദയ വിശാലതയുള്ളവർ

**III. വിശാലമാക്കപ്പെട്ട ഒരു ഹൃദയം ഉണ്ടായിരിക്കുവാൻ നാം ആഗ്രഹിക്കണം**

- ശലമോന് ജ്ഞാനവും വിശാലഹൃദയവും ഉണ്ടായിരുന്നതുകൊണ്ട് ദൈവജനത്തിന് മേൽനോട്ടം വഹിക്കുവാൻ അവൻ സമർത്ഥനായിരുന്നു, അവ ഒരേ കാര്യത്തിന്റെ രണ്ടു വശങ്ങളാണ്
- വിശാലമായ ഒരു ഹൃദയം ഉണ്ടായിട്ട് നാം പുതിയ ഉടമ്പടിയുടെ യഥാർഥ ശുശ്രൂഷകന്മാരായിരിക്കണം

### ഹൃദയവും ആത്മാവും—പുതുമ നിലനിർത്തുന്നവർ

**IV. നമ്മുടെ ഹൃദയത്തിന്റെയും നമ്മുടെ ആത്മാവിന്റെയും പുതുമ നിലനിർത്തുന്നതിന്, പുതിയ യെരൂശലേം എന്നപോലെ പുതിയതായിത്തീരുവാൻ പുനരുത്ഥാന ജീവന്റെ പുതുമയോടെ നാം ദിനംപ്രതി പുതുക്കപ്പെടേണ്ടതുണ്ട്**

- പുതുമ ദൈവമാണ്; വിശ്വാസികളെല്ലാം ജീവന്റെ പുതുക്കത്തിൽ നടന്നുകൊണ്ട് പുതിയ യെരൂശലേമായിത്തീരുകയും ആത്മാവിന്റെ പുതുക്കത്തിൽ സേവിച്ചുകൊണ്ട് പുതിയ യെരൂശലേം പണിയുകയും ചെയ്യുന്നതിനാൽ അവർ പുതിയ യെരൂശലേം എന്നപോലെ പുയതായിത്തീരുവാൻ പുതുക്കപ്പെടണം
- ദിനംപ്രതി പുതുക്കപ്പെടണമെങ്കിൽ, നാം എല്ലാ പ്രഭാതത്തിലും ഉണർവു പ്രാപിക്കണം
- നാം കഷ്ടങ്ങളുടെ നടുവിൽ ആയിരിക്കുമ്പോഴും നാം പുതുക്കൽ സ്വീകരിക്കേണ്ടതാവശ്യമാണ്; അല്ലാത്ത പക്ഷം, നാം കടന്നുപോകുന്ന കഷ്ടങ്ങൾ നമുക്ക് അപ്രസക്തമായിരിക്കും; നമ്മുടെ ഉള്ളിൽ ഒരു സങ്കേതമുണ്ട്
- നാം കർത്താവിന്റെ മേശയിലേക്ക് പുതുമയോടെ വരേണ്ടതുണ്ട്; "എന്നോടു ക്ഷമിക്കണം; എനിക്ക് മാപ്പുതരണം" എന്നു പറയുവാൻ പഠിക്കുന്നതിലൂടെ നമുക്ക് പുതുക്കപ്പെടുവാൻ കഴിയും.
- നാല് കാര്യങ്ങളിലൂടെ നാം ദിനംപ്രതി പുതുക്കപ്പെടുന്നു: ക്രൂശിലൂടെയും; ദിവ്യജീവനെക്കൊണ്ട് നമ്മെ പുനഃസജ്ജമാക്കുകയും പുനർനിർമിക്കുകയും, പുനഃരൂപീകരിക്കുകയും ചെയ്യുന്ന പരിശുദ്ധാത്മാവിലൂടെയും; നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവിലൂടെയും; ദൈവത്തിന്റെ വിശുദ്ധ വചനത്തിലൂടെയും
- നമ്മുടെ മനസ്സിന്റെ ആത്മാവായിത്തീരുന്നതിന് നമ്മുടെ ഇഴുകിച്ചേർന്ന ആത്മാവ് നമ്മുടെ മനസ്സിലേക്ക് വ്യാപിക്കേണ്ടതുണ്ട്
- നാം കർത്താവിനെ സ്നേഹിക്കുന്നതും ദിനംപ്രതി പ്രാർഥനയിലും വചനം വായിക്കുന്നതിലും നമ്മുടെ ആത്മാവിനെ വ്യായാമം ചെയ്യുന്നതും നമ്മുടെ മനസ്സിനെ മാറ്റുകയും പുതുക്കുകയും ചെയ്യുന്നു

### കർത്താവിന്റെ പ്രത്യുദ്ധാരം നമ്മുടെ ആത്മാവിന്റെയും ഹൃദയത്തിന്റെയും അവസ്ഥയെ ആശ്രയിച്ചിരിക്കുന്നു

**V. കർത്താവിന്റെ പ്രത്യുദ്ധാരം നമ്മുടെ പുതുക്കപ്പെട്ട, ശുദ്ധീകരിക്കപ്പെട്ട ഹൃദയത്തെയും നമ്മുടെ പുതുക്കപ്പെട്ട, ബലപ്പെടുത്തപ്പെട്ട ആത്മാവിനെയും ആശ്രയിച്ചിരിക്കുന്നു; നമ്മുടെ ഹൃദയം ക്രിസ്തുവിനാൽ പൂർണമായി സ്വായത്തമാക്കപ്പെടുകയും നമ്മുടെ ആത്മാവ് കർത്താവിനെ സ്പർശിക്കുവാൻ പതിവായി വ്യായാമം ചെയ്യുകയും ചെയ്യുമ്പോൾ, ദൈവത്തിന് ഒരു വഴി ഉണ്ടായിരിക്കുകയും, പ്രത്യുദ്ധാരം പ്രബലമായിരിക്കുകയും ചെയ്യും**

- ഇത് പുതിയ യെരൂശലേമിൽ പരണതി പ്രാപിക്കുന്നതിന് വിശ്വാസികളെ പുതിയ സൃഷ്ടിയായ പുതുമനുഷ്യനാക്കുന്നതിലുള്ള ദൈവോദ്ദേശ്യം പൂർത്തീകരിക്കുന്നു